നം. സി.ഇ.ഇ/2900/2007/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് - 2008 ന്യൂനപക്ഷ പദവിയുള്ള കോളേജുകളിലെ അലോട്ട്മെന്റ് - സംബന്ധിച്ച്.

**സൂചന:** (1) സർക്കാർ ഉത്തരവ് (ആർ.ടി.നം.2220/2008/ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം, തീയതി: 26.06.2008.

(2) സർക്കാർ ഉത്തരവ് (ആർ.ടി.)നം.2243/2008/ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം, തീയതി: 28.06.2008.

(3) സർക്കാർ ഉത്തരവ് (എം.എസ്.)നം.65/2008/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം, തീയതി: 01.07.2008.

(4) സർക്കാർ ഉത്തരവ് (ആർ.ടി)നം. 2787/2008/ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം, തീയതി: 14.08.2008.

(5) സർക്കാർ കത്ത് നം.24525/ജി3/2008/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം, തീയതി: 14.08.2008.

കേരള സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള വിവിധ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 20% സീറ്റുകൾ, പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള കോളേജുകളുടേയും സംവരണത്തിന് അർഹരായ സമുദായങ്ങളുടെയും വിശദാംശങ്ങൾ ഇനി പറയുന്നു:

| കോളേജ് കോഡ് | കോളേജ് | സംവരണത്തിന് അർഹരായ വിഭാഗം |
|---|---|---|
| **എൻജിനീയറിംഗ് വിഭാഗം :** | | |
| MES | എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ്, കുറ്റിപ്പുറം, മലപ്പുറം. | മുസ്ലീം |
| YCE | യൂനുസ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, വടക്കേവിള, കൊല്ലം. | മുസ്ലീം |
| MGP | സെയിന്റ്ഗിറ്റ്സ് കോളേജ് ഓഫ് എൻജിനീയറിംഗ്, പാതമുറ്റം, കോട്ടയം. | ക്രിസ്ത്യൻ |
| MCK | മുസലിയാർ കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, കുമ്പഴ, പത്തനംതിട്ട. | മുസ്ലീം |
| **മെഡിക്കൽ വിഭാഗം : (എം.ബി.ബി.എസ്.)** | | |
| SMC | ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം. | എസ്.ഐ.യു.സി. (സൗത്ത് കേരള ഡയോസി) |
| | | പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്ത എസ്.ഐ.യു.സി. (സൗത്ത് കേരള ഡയോസി) |
| EMC | എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം. | മുസ്ലീം |

| | | |
|---|---|---|
| KNC | കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ. | മാട്ടുൽ മാപ്പിള മുസ്ലീം |
| **ബി.ഡി.എസ്. (ഡന്റൽ)** | | |
| MBD | മാർ ബസേലിയോസ് ഡന്റൽ കോളേജ്, കോതമംഗലം, എറണാകുളം | ജാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ |
| **ബി.എസ്.സി. നഴ്സിംഗ്** | | |
| ACN | അൽഷിഫാ കോളേജ് ഓഫ് നഴ്സിംഗ്, പെരിന്തൽമണ്ണ, മലപ്പുറം. | മുസ്ലീം |
| JON | ജോസ്കോ കോളേജ് ഓഫ് നഴ്സിംഗ്, പന്തളം, ആലപ്പുഴ. | ക്രിസ്ത്യൻ |
| TCN | തിയോഫിലിസ് കോളേജ് ഓഫ് നഴ്സിംഗ്, ദേവഗിരി, കോട്ടയം. | ക്രിസ്ത്യൻ ഓർത്തഡോക്സ് (Christian Orthodox) |
| ബി.ഫാം. | | |
| ACP | അൽഷിഫാ കോളേജ് ഓഫ് ഫാർമസി, പെരിന്തൽമണ്ണ, മലപ്പുറം. | മുസ്ലീം |

മേൽപ്പറഞ്ഞ കോളേജുകളിലെ വിവിധ ന്യൂനപക്ഷസമുദായങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുവാൻ താല്പര്യമുള്ള വിവിധ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്നവരും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ വിദ്യാർത്ഥികൾ വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന സമുദായ സർട്ടിഫിക്കറ്റ് **21.08.2008** ന് (വ്യാഴാ**ഴ്ച**) വൈകുന്നേരം 5 മണിക്ക് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. സമുദായ സർട്ടിഫിക്കറ്റിൽ അർഹതപ്പെട്ട സമുദായത്തിന്റെ പേര് വ്യക്തമാക്കിയിരിക്കണം.

ഡോ. സോമർവെൽ മെഡിക്കൽ കോളേജിൽ ന്യൂനപക്ഷ സംവരണത്തിന് അർഹതയുള്ള വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസിൽ നിന്നുമുള്ള സമുദായ സർട്ടിഫിക്കറ്റിനു പുറമേ സൗത്ത് കേരള ഡയോസ് / ഇടവക അധികാരികളിൽ നിന്നുമുള്ള സർട്ടിഫിക്കറ്റും **21.08.2008** - നു മുമ്പായി സമർപ്പിക്കേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോമിൽ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള മുസ്ലീം വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾ, ജാതി സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ കണ്ണൂർ മെഡിക്കൽ കോളേജിൽ ന്യൂനപക്ഷ സീറ്റുകൾ 'മാട്ടുൽ മാപ്പിള' മുസ്ലിം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ളതിനാൽ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ വില്ലേജ് ഓഫീസറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് പുതിയതായി നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും വാർഷിക കുടുംബ വരുമാനം രണ്ടരലക്ഷം രൂപയിൽ കൂടുതലുള്ള മുസ്ലീം സമുദായത്തിലെ, വിദ്യാർത്ഥികൾ, ന്യൂനപക്ഷങ്ങൾക്കുള്ള സീറ്റ് സംവരണത്തിനായി പ്രത്യേകം സമുദായ/ജാതി സർട്ടിഫിക്കറ്റ് മേൽപ്പറഞ്ഞ തീയതിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ട താണ്.

മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായങ്ങൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് വാർഷിക കുടുംബ വരുമാനം പരിഗണിക്കുന്നതല്ല. ഈ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ നടത്തുന്നതായിരിക്കും. സമുദായ സർട്ടിഫിക്കറ്റുകൾ (ഒറിജിനൽ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്), വിദ്യാർത്ഥിയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പി നോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **21.08.2008**ന് വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിച്ചിരിക്കണം. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടു ത്താത്തതും, ഫാക്സ് മുഖേന ലഭിക്കുന്നതും, നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന തുമായ സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

14.08.2008 **പ്രവേശന പരീക്ഷാ കമ്മീഷണർ**